"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് — പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം നളന്ദ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ— അറ്റകുറ്റപ്പണികൾ പൂർത്തിയായ മുറികളിൽ ഡ്യുവൽ ഓക്ക്യുപൻസി അനുവദിക്കുകയും മുറിവാടക പുതുക്കി നിശ്ചയിക്കുകയും ചെയ്ത് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.432/2026/PWD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. 01.03.2019-ലെ സ.ഉ(സാധാ)നം.328/2019/പൊ.മ.വ.
2. പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/02/2025, 25/08/2025 തീയതികളിലെ CEPWD-TVM/250/2024-A5-PWD നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം നളന്ദ വർക്കിംഗ് വിമൻസ് ഹോസ്റ്റലിലെ മുറികൾ നിലവിൽ single occupancy രീതിയിലാണ് അനുവദിച്ചുവരുന്നത്. ഹോസ്റ്റലിൽ താമസത്തിനായി ഏകദേശം 200 അപേക്ഷകൾ നിലവിലുണ്ടെന്ന് പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം-(2) പ്രകാരം സർക്കാരിനെ അറിയിക്കുകയുണ്ടായി. കൂടാതെ, അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ 80-ലധികം മുറികളിൽ രണ്ട് ഷെൽഫുകളും രണ്ട് പ്ലഗ് പോയിന്റ് സോക്കറ്റുകളും ഉൾപ്പെടുത്തി രണ്ട് പേർക്ക് താമസിക്കാവുന്ന രീതിയിൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ടെന്നും, അതിനാൽ അത്തരം മുറികളിൽ ഡ്യുവൽ ഓക്ക്യുപൻസി അനുവദിച്ച് ഓരോ ബെഡിനും ₹1000/- വീതം, അതായത് ഒരു മുറിക്ക് ₹2000/- എന്ന രീതിയിൽ വാടക ഈടാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകണമെന്നുമാണ് പരാമർശം-(2) പ്രകാരം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോസ്റ്റലിലെ താമസ സൗകര്യങ്ങളുടെ പരമാവധി വിനിയോഗം ഉറപ്പാക്കുന്നതിനും കൂടുതൽ സർക്കാർ വനിതാ ജീവനക്കാർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനുമായി നളന്ദ വർക്കിംഗ് വിമെൻസ് ഹോസ്റ്റലിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ മുറികളിൽ ഡ്യുവൽ ഓക്ക്യുപൻസി അനുവദിക്കുന്നതിനും, ഓരോ വ്യക്തിക്കും മാസവാടക ₹750/- (എഴുനൂറ്റമ്പത് രൂപ മാത്രം) എന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവിടുന്നു.

3. അറ്റകുറ്റപ്പണികൾ പൂർത്തിയാകാത്ത ശേഷിക്കുന്ന മുറികളിലെ വാടക പരാമർശം (1)-ലെ സർക്കാർ ഉത്തരവനുസരിച്ച് തുടർന്നും ഈടാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sudha B
Date: 15-03-2026 13:25:10

സെക്ഷൻ ഓഫീസർ

പകർപ്പ്:-
പൊതുമരാത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുമരാത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതുമരാത്ത് വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്